# കുട്ടനാടിന്റെ പരിസ്ഥിതി രക്ഷിക്കാൻ സ്വാമിനാഥൻ കമ്മീഷന് ആകുമോ ?

പ്രത്യേക ലേഖകൻ

മാർച്ച് 11 മുതൽ 15വരെ കുട്ടനാട് ഉറക്കമൊഴിഞ്ഞു കഴിയുകയായിരുന്നു. എല്ലാ മേഖലയിലെയും ജനങ്ങൾ ഒരു രക്ഷകന്റെ സാന്നിദ്ധ്യം അനുഭവിച്ചുകൊണ്ട് ഉണർന്നിരുന്നു. തങ്ങൾക്കിടയിൽ കളിച്ചുവളർന്നൊരാൾ ലോകമറിയുന്ന ശാസ്ത്രജ്ഞനായശേഷം കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയായി നാടിന്റെ വേദനയൊപ്പാൻ തിരികെ വന്നിരിക്കുന്നു എന്നതായിരുന്നു കുട്ടനാട്ടുകാരുടെ ഈ ദിവസങ്ങളിലെ ആശ്വാസത്തിനു കാരണം. അതെ, കുട്ടനാട്ടിലെ മങ്കൊമ്പുകാരൻ ഡോ. എം.എസ്. സ്വാമിനാഥൻ കുട്ടനാടിന്റെ പ്രശ്നങ്ങൾ പഠിക്കാൻ ഈ അഞ്ചുദിവസവും ചേറിലൂടെയും വെള്ളത്തിലൂടെയും പാടവരമ്പുകളിലൂടെയും അലഞ്ഞു നടന്നു. കർഷകർ, കർഷകത്തൊഴിലാളികൾ, മത്സ്യതൊഴിലാളികൾ, വീട്ടമ്മമാർ, പരിസ്ഥിതി പ്രവർത്തകർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ശാസ്ത്രജ്ഞർ എന്നിങ്ങനെ കുട്ടനാടുമായി ബന്ധപ്പെട്ട സകല വിഭാഗക്കാരുടെയും ചെറുകൂട്ടായ്മകളിൽ അദ്ദേഹം നേരിട്ടു പങ്കെടുത്തു.

അരനൂറ്റാണ്ടുമുമ്പ് മറ്റൊരു നാഥൻ - പി.എച്ച്. വൈദ്യനാഥൻ നടത്തിയ പഠനത്തിന്റെ കണ്ടെത്തലായി നടപ്പാക്കിയ പദ്ധതികളുടെ ഗുണദോഷങ്ങൾ അനുഭവിക്കുകയായിരുന്നു ഇത്രയും കാലം കുട്ടനാട്. തുടക്കത്തിൽ ഗുണമുണ്ടെന്ന തോന്നലുണ്ടാക്കിയെങ്കിൽ പിന്നീട് ദോഷങ്ങളായി കൂടുതൽ. സമസ്ത ജീവജാലങ്ങൾക്കും മനുഷ്യർക്കും കുട്ടനാട്ടിൽ ജീവിതം ദുഷ്കരമാക്കിക്കൊണ്ട് പരിസ്ഥിതി തകർന്നത് ആ പദ്ധതികളുടെ ദുരന്തഫലമായിരുന്നു. സ്വാമിനാഥൻ തന്നെ ഇന്ത്യക്കു സമ്മാനിച്ച ഹരിത വിപ്ലവത്തിന്റ തിരിച്ചടികൾ വേറെ. ഈ 50 വർഷം കൊണ്ടായ തകർച്ചയ്ക്ക് അഞ്ചുദിവസത്തെ സന്ദർശനം എന്തു ഗുണം ചെയ്യുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. അതെന്തായാലും ജനം വലിയ പ്രതീക്ഷയിലാണ്.

സ്വാമിനാഥൻ ഫൗണ്ടേഷനിലെ ശാസ്ത്രജ്ഞർ മാസങ്ങളായി നടത്തിയ പഠനത്തിന്റെ ഫലമായി കുട്ടനാടിന്റെ വികസനത്തിന് 150 കോടി രൂപയുടെ കരടു പദ്ധതി കേന്ദ്രസർക്കാരിനു സമർപ്പിച്ച ശേഷമാണ് അന്തിമ പഠനത്തിന് സ്വാമിനാഥൻ നേരിട്ടെത്തിയത്. സ്വാമിനാഥൻ മടങ്ങിയാലും അദ്ദേഹത്തിന്റെ സംഘത്തിൽ പെട്ടവർ പഠനവുമായി കുട്ടനാട്ടിൽ തുടർന്നും ഉണ്ടാകും. ജൂണിലാണ് അവസാന റിപ്പോർട്ട് നൽകുക. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം നടപ്പിലാക്കിയ തണ്ണീർമുക്കം ബണ്ടും, തോട്ടപ്പള്ളി സ്പിൽവേയുമൊക്കെ കുട്ടനാടിനുണ്ടാക്കിയ ദുരിതം 18 വർഷത്തിനിടയിൽ നടന്ന പല പഠനങ്ങളിലും ബോധ്യമായിട്ടും ഒന്നും ചെയ്യാതിരുന്ന സർക്കാർ സ്വാമിനാഥൻ കമ്മീഷന്റെ കണ്ടെത്തൽ, അത് എന്തുതന്നെയായാലും എന്തു നയം സ്വീകരിക്കുമെന്നത് കണ്ടറിയേണ്ട കാര്യമാണ്. എന്നുവരികിലും മറ്റൊരു പഠന സംഘത്തിലും അർപ്പിക്കാത്ത വിശ്വാസം ഇപ്പോൾ കുട്ടനാട്ടുകാർ സ്വാമിനാഥൻ കമ്മീഷനിൽ അർപ്പിച്ചിരിക്കുകയാണ്. ആ ആവേശം കഴിഞ്ഞ ദിവസങ്ങളിൽ കുട്ടനാട്ടിൽ പ്രകടമായിരുന്നു. കൃഷിപുരോഗതിക്കു വേണ്ടി നടപ്പാക്കിയ പദ്ധതികൾ എങ്ങനെ കൃഷിക്കും നാടിനും ദോഷകരമായി എന്നാണ് സ്വാമിനാഥനെ കണ്ട ഓരോരുത്തരും അദ്ദേഹത്തോട് പറഞ്ഞത്. ആ വികാരങ്ങളെല്ലാം ഒപ്പിയെടുക്കാൻ കഴിഞ്ഞതു കൊണ്ടാവാം ഭാരതീയ ഹരിതവിപ്ലവത്തിന്റെ പിതാവെന്നു വിളിക്കപ്പെടുന്ന ഈ കൃഷിശാസ്ത്രജ്ഞൻ മുമ്പെങ്ങും പറഞ്ഞിട്ടില്ലാത്ത വിധം ഇത്തവണ പരിസ്ഥിതിയെപ്പറ്റി പറഞ്ഞതും. താൻ മുൻതൂക്കം കൊടുക്കുന്ന പത്തു കാര്യങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അതിൽ ആറുകാര്യങ്ങളും കുട്ടനാടിനെ ഇഷ്ടപ്പെടുന്ന പരിസ്ഥിതി പ്രവർത്തകർ നിരന്തരമായി ഉന്നയിക്കുന്ന ആവശ്യങ്ങൾ കൂടിയായത് വിചിത്രമായി തോന്നാം.

തണ്ണീർമുക്കം ബണ്ടിന്റെ മധ്യത്തിലെ മൺചിറ മാറ്റൽ, കുട്ടനാട്ടിലെ അടഞ്ഞുകിടക്കുന്ന ചില കനാലുകൾ തുറക്കൽ, ജലഗുണനിലവാരമുയർത്തൽ, ആരോഗ്യ സുരക്ഷ ഉറപ്പാക്കൽ, മത്സ്യബന്ധന സമൂഹത്തെ പരിഗണിക്കൽ, ഗ്രാമീണ ജലവിജ്ഞാനകേന്ദ്രങ്ങൾ സ്ഥാപിക്കൽ ഇങ്ങനെയുള്ള മുൻഗണനകളിലൊന്നും പെടുത്താതെ അദ്ദേഹം നയമെന്ന മട്ടിൽ ഒരു കാര്യം കൂടി പറഞ്ഞു. തണ്ണീർമുക്കം ബണ്ട് വർഷം മുഴുവൻ തുറന്നിടാവുന്നതാണ്. വേണമെങ്കിൽ അത്യാവശ്യമുള്ള ചില ദിവസങ്ങളിൽ അടച്ചിട്ടാൽ മതി. ഇപ്പോഴത്തെപ്പോലെ മൂന്നുമാസവും അതിലധികവും തുടർച്ചയായി അടച്ചിടേണ്ടതില്ല. അതെ കുട്ടനാട്ടുകാരെപ്പോലെ നമുക്കും ഇപ്പോൾ സ്വാമിനാഥൻ കമ്മീഷനിൽ പ്രതീക്ഷ തോന്നുകയാണ്. ഈ പ്രതീക്ഷ തല്ലിക്കെടുത്താതിരിക്കാനുള്ള ഉത്തവാദിത്തം സ്വാമിനാഥനു മാത്രവും.